# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 607

11.06.2013ൽ
മറുപടിക്ക്.

### കേന്ദ്ര സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വ്യവസായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |

എ) കേന്ദ്ര സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വ്യവസായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(എ) കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം രൂപീകരിച്ച ദേശീയ ഭക്ഷ്യ സംസ്ക്കരണ മിഷൻ അനുസരിച്ച് സംസ്ഥാനത്ത് സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ ഏപ്രിൽ 2012-ൽ നിലവിൽ വന്നു. കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിന്റെ ദേശീയ ഭക്ഷ്യ സംസ്ക്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വുമാണ്. ഇതു പ്രകാരം ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം 2012-13 സാമ്പത്തിക വർഷത്തിൽ 4.73 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം പ്രാരംഭ ചെലവുകൾക്കായി 1.50 കോടി രൂപയും നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായ 4.5 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ താഴെ പറയുന്നവയാണ്.

(1) ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും/അവയുടെ ആധുനികവൽക്കരണത്തിനും, വികസനത്തിനും വേണ്ടിയുള്ള പദ്ധതി; സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 50 ലക്ഷം രൂപ.

(2) Cold Chain സംവിധാനങ്ങൾ (for non horticultural products), Reefer vehicles സ്ഥാപിക്കുന്നതിനുള്ള പദ്ധതി; സംരഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 10 കോടി രൂപ

(3) (i) മാനവ വിഭവ ശേഷി വികസനത്തിനുള്ള പദ്ധതി; ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യ സാങ്കേതിക വിദ്യകളിൽ Degree/Diploma/Certificate കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സംരഭകന് ലഭിക്കുന്ന പരമാവധി

ഗ്രാന്റ് 75 ലക്ഷംരൂപ.

(ii) വ്യവസായ സംരഭകത്വം വികസിപ്പിക്കുന്ന പദ്ധതി (Entrepreneur Development Programme); സംരഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 2 ലക്ഷം രൂപ ഒരു പ്രോഗ്രാമിന്.

(iii) ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം; സംരഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 15 ലക്ഷം രൂപ.

(4) ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതി; സംരംഭകന് പരമാവധി ലഭിക്കുന്ന ഗ്രാന്റ് - 3 ലക്ഷം രൂപ.

പ്രസ്തുത ഭക്ഷ്യ സംസ്കരണ മിഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ 13 പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ഇവയ്ക്കായി ഭക്ഷ്യ സംസ്ക്കരണ മേഖലയിലുള്ള സംരംഭങ്ങൾക്ക് 128.25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരഭത്തിന്റെ ഭാഗമായി സെയിൽ എസ്സ്.സി.എൽ കേരള ലിമിറ്റഡ് എന്ന സംയുക്ത സംരഭ കമ്പനി ഏപ്രിൽ 2013-ൽ രൂപീകരിച്ചു.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. കൊച്ചി റിഫൈനറിയുടെ വിപുലീകരണം നടപ്പിലാക്കിവരികയാണ്. 18000 കോടി രൂപ മുതൽ മുടക്കു വരുന്ന വിപുലീകരണ പദ്ധതിയും പെട്രോകെമിക്കൽ സംയുക്ത സംരംഭവുമാണ് ബി.പി.സി.എൽ നടപ്പാക്കുന്നത്. മറ്റൊരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഗെയിൽ 3500 കോടി രൂപ മുതൽ മുടക്കുള്ള പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കി വരികയാണ്.

കൂടാതെ കേന്ദ്ര സഹകരണത്തോടെ കേരളത്തിൽ നടപ്പാക്കി വരുന്ന വ്യവസായ പദ്ധതികൾ താഴെപ്പറയുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ആകെ നിക്ഷേപം (രൂപ കോടി) |
|---|---|---|
| 1 | സപ്ലിമെന്റി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ, കൊച്ചി | 2000.00 |
| 2 | ടൈറ്റാനിയം സ്പോഞ്ച് പദ്ധതി, കൊല്ലം | 3000.00 |
| 3 | കൊച്ചി, പാലക്കാട് നിംസ് | 53825.00 |
| 4 | ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് | 750.00 |

| | |
|---|---|
| (ബി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് പുതിയ ഏതെങ്കിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായിച്ചേർന്ന് സംയുക്ത സംരഭങ്ങൾ, വിപണന മേഖല വിപുലീകരണം എന്നിവ ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ കെ.എസ്.ഐ.ഡി.സി. പെട്രോളിയം കെമിക്കൽ ആന്റ് പെട്രോകെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ(പി.സി.പി.ഐ.ആർ) 9000.00 കോടി രൂപ മുതൽ മുടക്കിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ